# കോവിഡ് 19

# നിയന്ത്രണ, സമാശ്വാസ, പുന
# രധിവാസ പ്രവർത്തനങ്ങൾ

## കോർപ്പറേഷൻ സിഡി എസ്   II

### തിരുവനന്തപുരം ജില്ല

**ആമുഖം**

തിരുവനന്തപുരം കോർപറേഷനിലെ 25 വാർഡുകൾ ഉൾപ്പെടുന്നതാണ് കോർപ്പറേഷൻ സിഡി എസ് II . ലോകം നേരിടുന്ന മഹാമാരിയെ ചെറുക്കാൻ ഒത്തൊരുമയോടെ എല്ലാ കുടുംബശ്രീ അംഗങ്ങളും അവസരോചിതമായി വിവിധ മേഖലകളിൽ തങ്ങളുടെ പ്രവർത്തനം കാഴ്ചവച്ചു .

## ലോക്ഡൗൺ കാലയളവിൽ സിഡി എസിന്റെ നേതൃത്വത്തിൽ ചെയ്ത പ്രവർത്തനങ്ങൾ

### സംഘടനാ സംവിധാനം

സർക്കാർതല നിർദേശങ്ങൾ , കുടുംബശ്രീ ജില്ലാ മിഷൻ അറിയിപ്പുകൾ യഥാസമയം താഴെ തട്ടിൽ എത്തിക്കുന്നതിനായി എല്ലാ അയൽക്കൂട്ട അഗങ്ങളെയും ഉൾപെടുത്തി വാട്ട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും അറിയിപ്പുകൽ യഥാസമയം എത്തിക്കുകയും അതുപ്രകാരം പ്രവർത്തിക്കാനും സിഡി എസ് കഴിഞ്ഞിട്ടുണ്ട് .കൊറോണ വൈറസ് എന്ന മഹാ മാരിയെ തുരത്താൻ അവശ്യമായാ നിർദേശങ്ങൾ ഓൺലൈൻ ബോധവൽക്കരണത്തിലൂടെ അയൽക്കൂട്ട അംഗങ്ങൾക്ക് നല്കാൻ കഴിഞ്ഞു. ജില്ലാ മിഷൻ നിർദേശം അനുസരിച് തുടങ്ങിയ ഉണർവ് എന്ന ആശയത്തിലൂടെ കുടുംബശ്രീ അംഗങ്ങൾ വീട്ടിലിരുന്നു തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ കഥകൾ കവിതകൾ തുടങ്ങിയവ സിഡിഎസ് വാട്ട്സ്ആപ്പ് ഗ്രൂപ്പിലൂടെ ഷെയർ ചെയ്യുകയും അത് ജില്ലാ മിഷൻ മോണിറ്റർ ചെയ്യുകയും ചെയ്തു

### മൈക്രോ ഫിനാൻസ്

ലോക്ക് ഡൌൺ മൂലം ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയെ നേരിടാൻ കേരളം goverment പ്രഖ്യാപിച്ച പലിശ രഹിത വായ്പ പദ്ധതി വളരെ വിജയകരമായി മുന്നോട്ടു കൊണ്ട് പോകാൻ സിഡിഎസിന് കഴിഞ്ഞു. നിലവിൽ അയല്കൂട്ടാഗങ്ങൾക്കു ഈ പദ്ധതിയിലൂടെ സഹായം നല്കാൻ കഴിഞ്ഞു.

### മൈക്രോ എന്റെർപ്രൈസസ് & മാർക്കറ്റിംഗ്

10000 മാസ്കുകൾ ജില്ലാമിഷനിൽ തയ്ച്ചു നല്കാൻ കോര്പറേഷന് സിഡി എസ് II ലെ സ്റ്റിച്ചിംഗ് യൂണിറ്റുകൾക്ക് കഴിഞ്ഞു .കൂടാതെ ആയിരത്തോളം തുണിസഞ്ചികളും ജില്ലാ മിഷനിൽ എത്തിച്ചു. ലോക്ക് ഡൌൺ കാലത്തു മുത്തശ്ശിമാരുടെ ഓർമകളിലെ രുചി അറിയുവാൻ പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച് തയ്യാറാക്കാൻ കഴിയുന്ന പാചക കുറിപ്പുകൾ സിഡിഎസ്എസിൽ എത്തിച്ചു. രുചിയോർമ എന്നപേരിൽ പുസ്തക മാക്കൻ അറുപതു വയസ്സ് കഴിഞ്ഞ അയാൾകൂട്ടാ അംഗങ്ങൾ ആണ് ഈ മത്സരത്തിൽ പങ്കെടുത്തത്.




## കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ

ലോക്ക് ഡൗണിലായ ഈ അവധിക്കാലം കുട്ടികളുടെ ക്രിയാത്മകാവിഷ്കാരങ്ങളിലൂടെ കൈ നിറയെ സമ്മാനങ്ങൾ നേടാനുള്ളഅവസരം നൽകി തിരുവനന്തപുരം കുടുംബശ്രീ ജില്ല മിഷൻ. വീട്ടിലിരുന്നു തന്നെ കുട്ടികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാം. മത്സരത്തിൽ പങ്കെടുക്കാൻ താല്പര്യം ഉള്ളവർ നിർദ്ദേശങ്ങളനുസരിച്ച് ADS , CDS ബാലസഭ ഗ്രൂപ്പുകളിലേക്ക് തങ്ങളുടെ എൻട്രികൾ അയച്ചു നൽകി.

## കാർഷിക മേഖല

ലോക്ക് ഡൌൺ കാലത്തു കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി ഭവനുമായി ചേർന്ന് പച്ചക്കറി വിത്ത് എല്ലാ വാർഡുകളിലും എത്തിക്കാൻ കഴിഞ്ഞു.




# വിവിധ വകുപ്പുകളുമായി സഹകരിച്ചുള്ള പ്രവർത്തനം

## ആരോഗ്യം

കോവിദ് പ്രതിരോധത്തിന്റെ ഭാഗമായി പിഎച്ച്സി കളുമായി ചേർന്ന് പ്രതിരോധ മരുന്നുകൾ എല്ലാ വാർഡിലും വിതരണം നടത്തി.

എല്ലാ വാർഡിലും എടി എസ് ഭാരവാഹികളും ആശ വർക്കറുമായി ചേർന്ന് വീടുകൾ തോറും ബോധവത്കരണം നടത്തി.

## പൊതുവിതരണം

പൊതുവിതരണ മേഖലയിലും കുടുംബശ്രീ അംഗങ്ങൾ തങ്ങളുടെ സേവനം കാഴ്ചവച്ചു. സപ്ലൈകോയിൽ കിറ്റുകൾ നിറക്കാനായി അയൽകൂട്ട അംഗങ്ങൾ പൂർണമായി സഹകരിച്ചു.

## നിർദ്ദേശങ്ങൾ

- മാസ്ക് നിർബന്ധമായി ഉപയോഗിച്ചും , സാമൂഹിക അകലം പാലിച്ചും കുടുംബശ്രീ പ്രവർത്തനങ്ങൾ തുടരുക.
- നവ മാധ്യമങ്ങളിലൂടെ ഈ മഹാമാരിയെ എങ്ങനെ തടയാം എന്നു വീഡിയോ ഡോക്യൂമെന്ററഷനിലൂടെയും കാർട്ടൂൺ ചിത്രങ്ങളിലൂടേയും പ്രചരിപ്പിക്കണം.
- ലോക്ക് ഡൌൺ കാലം ക്രിയാത്മകമായി വിനിയോഗിക്കാൻ കുട്ടികൾക്കും മുതിർന്നവർക്കും വേണ്ട നിർദേശങ്ങൾ നൽകാം .
- ഓൺലൈൻ മാർക്കറ്റിങ്ങിൽ കുടുംബശ്രീയുടെ ഇടപെടലുകൾ കൂട്ടിക്കൊണ്ട് സൂക്ഷ്മ സംരംഭങ്ങളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുക.

കുടുംബശ്രീ എന്നത് അതി ബൃഹത്തായ ഒരു ശൃംഖലയാണ്. ഈ കോവിഡ് കാലത്തും ലോക്ക് ഡൗണിലും കുടുംബശ്രീ പ്രവർത്തകർ നിർഭയം പ്രവർത്തിച്ചു. മാസ്കുകൾ നിർമ്മിച്ച് പ്രതിരോധം തീർത്തും ആവശ്യമുള്ളവർക്ക് ഭക്ഷണവും മരുന്നും എത്തിച്ചും വയോജനങ്ങൾക്കു സാന്ത്വനം നൽകിയും കുട്ടികളെ വിജ്ഞാന വിനോദ പ്രവത്തനങ്ങളിലേർപ്പെടുത്തിയും അഗതികുടുംബങ്ങൾക്കു ആവശ്യസഹായങ്ങൾ എത്തിച്ചും കോവിഡ് കാലത്തു കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ തുടരുകയാണ്.


**ചെയർപേഴ്സൺ**
**വിനീത**
**9746149292**
**ബ്ലോക്ക് കോ-ഓർഡിനേറ്റർ**
**ദിവ്യ ജി.എസ്.**
**6235740810**